"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കൊല്ലം ജില്ല - മുഖത്തല ബ്ലോക്ക് - നെടുമ്പന ഗ്രാമപഞ്ചായത്ത് - ഭഗവാൻമുക്ക് - പോർക്കളം റോഡ് പ്രവൃത്തി - കരാർ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.786/2025/DMD തീയതി,തിരുവനന്തപുരം, 24-12-2025

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 127/2025/ഡി.എം.ഡി. തീയതി, 15.03.2025

2. കൊല്ലം ജില്ലാകളക്ടറുടെ 04.11.2025 ലെ DCKLM/9809/2025-DM1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്ന കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്കിൽ നെടുമ്പന ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ഭഗവാൻമുക്ക് - പോർക്കളം റോഡ് പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടുന്നതിനുള്ള കാലാവധി അവസാനിച്ചതിനാൽ നിർവ്വഹണാനുമതി നൽകിയിട്ടില്ലെന്നും ടി റോഡ് പ്രവൃത്തി സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ ലഭിക്കുന്നതിൽ കാലതാമസം വന്നതിനാലും എസ്റ്റിമേറ്റ് സമയബന്ധിതമായി സമർപ്പിക്കുവാൻ സാധിച്ചില്ല. മേൽ സാഹചര്യത്തിൽ ടി റോഡ് പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ജില്ലാകളക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ അഭ്യർത്ഥന പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം 10,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്ന കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്കിൽ നെടുമ്പന ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ഭഗവാൻമുക്ക് - പോർക്കളം റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി കാലാവധിയിൽ മാറ്റം വരാതെ കരാർ കാലാവധി ടി ഉത്തരവ് തീയതി മുതൽ 2 മാസം കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/221/2025-DMD)

ഉത്തരവിൻ പ്രകാരം
Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 26-12-2025 12:01:49

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്